എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 4-6-2002-ലെ ക്രിമിനൽ എം. സി. 400/2001 എന്ന വിധിന്യായത്തിൽ പരോൾ അനുവദിക്കുന്നതു സംബന്ധിച്ചുണ്ടായ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ ഇപ്പോൾ സർക്കാരിൽ ലഭിക്കുന്ന അപേക്ഷകൾ റിപ്പോർട്ടിനായി ജയിൽ എ. ഡി. ജി. പി.-ക്ക് അയച്ചുകൊടുക്കുന്നുണ്ട്. എന്നാൽ ജയിലധികൃതർ അനുവദിക്കുന്ന പരോൾ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ലഭ്യമാകാത്തതിനാലും മതിയായ കാരണങ്ങൾ ഇല്ലാത്തതിനാലും ഫലത്തിൽ സർക്കാർ തലത്തിൽ പരോൾ ദീർഘിപ്പിച്ചു നൽകുവാൻ സാധിക്കുന്നില്ല.

എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായത്തിൽ പരാമർശിച്ചിരുന്ന കാര്യങ്ങളെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ റിട്ടയേർഡ് ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ ചെയർമാനായി ഒരു ഉന്നതാധികാര കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ (ദ്രുതഗതിയിൽ) നടന്നുവരികയുമാണ്. ടി കമ്മിറ്റിയുടെ ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ ഫണ്ടിൽ നിന്ന് പിൻവലിച്ച തുക

52 (2173) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ഗുജറാത്ത് ഭൂകമ്പദുരിതാശ്വാസ ഫണ്ടിലേക്ക് പിരിഞ്ഞുകിട്ടിയ തുക എവിടെയാണ് നിക്ഷേപിച്ചിരുന്നത് ;

(ബി) ഈ ഫണ്ടിൽ നിന്നും എന്തെങ്കിലും തുക മറ്റാവശ്യങ്ങൾക്കുവേണ്ടി പിൻവലിച്ചിട്ടുണ്ടോ ; എങ്കിൽ ആരാണ് പിൻവലിച്ചതെന്നും എന്തുതുക, ഏതുരീതിയിലാണ് പിൻവലിച്ചതെന്നും, എന്താവശ്യത്തിനാണ് തുക പിൻവലിച്ചതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ഗുജറാത്ത് ഭൂകമ്പദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള ടി.പി.എ. 3994-ലാണ് തുക നിക്ഷേപിച്ചിട്ടുള്ളത്.

(ബി) ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി തുക പിൻവലിച്ചിട്ടില്ല.

ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം

53 (2174) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നെടുമങ്ങാട് നിയോജകമണ്ഡലത്തിൽപ്പെട്ട എത്ര പേർക്ക് ചികിത്സാ ധനസഹായം ലഭിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly